സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും, കേന്ദ്ര വ്യവസായ വകുപ്പു മന്ത്രിയുമൊക്കെ സംസാരിച്ചു. തേച്ചുമാച്ചു കളയാൻ ഇന്ന് ഞാൻ പറയുന്നില്ല. പക്ഷെ ചർച്ച അനുവദിച്ചിരുന്നുവെങ്കിൽ കോടതി പരാമർശിച്ചിട്ടുള്ള ആ ഉന്നതൻമാർ ആരാണെന്ന് ഇന്ന് ഈ സഭയിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയുമായിരുന്നു. ഐ. എസ്. ആർ. ഒ, പ്രശ്നവുമായി ബന്ധപ്പെട്ട് ശ്രീവാസ്തവയുടെ പ്രശ്നത്തിൽ അന്ന് ഈ മുഖ്യമന്ത്രിയുടെ കസേരയിൽ ഇരുന്നുകൊണ്ട് ശ്രീ. കെ. കരുണാകരൻ ഇതുപോലുള്ള കാര്യങ്ങൾ പറഞ്ഞു കൈ കഴുകി. അതുപോലെയാണ് ശ്രീ. എ. കെ. ആൻറണിയും പറഞ്ഞു കൈ കഴുകുന്നത്. പീലാത്തോസ് കൈ കഴുകിയതിനെ സംബന്ധിച്ച് നമുക്കറിയാം. നമ്മുടെ മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ കൈ കഴുകിയപ്പോഴും പീലാത്തോസ്പോലും തോൽപ്പിക്കപ്പെട്ടിരിക്കുന്നുവെന്നത് ലജ്ജയോടുകൂടിയല്ലാതെ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് നമുക്ക് അനുസ്മരിക്കാൻ കഴിയില്ല. ഈ പ്രശ്നത്തിന് വളരെയധികം പ്രാധാന്യം കൊടുത്തുകൊണ്ട് സഭാനടപടികളും നിർത്തിവച്ചു ചർച്ചചെയ്തിരുന്നുവെങ്കിൽ ഈ കോടതി പരാമർശിച്ചിട്ടുള്ള ചില പൊയ്മുഖങ്ങളെ, രാജ്യദ്രോഹികളെ എന്നു മുദ്ര കുത്താനുള്ള അവസരം നമുക്ക് ഉണ്ടാകുമായിരുന്നു. അതുകൊണ്ട് ഗവൺമെൻറ് എടുത്തിട്ടുള്ള നടപടിയിൽ, മുഖ്യമന്ത്രിയുടെ നടപടിയിൽ അതിശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ടി. നാണുമാസ്റ്റർ സഭവിട്ട് ഇറങ്ങിപ്പോയി.)

V. ശ്രദ്ധക്ഷണിക്കൽ

(1) മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തുന്നതിനുള്ള പണി തടസ്സപ്പെട്ടതു സംബന്ധിച്ച്

ശ്രീ. കെ. കെ. തോമസ്: സർ, മുല്ലപ്പെരിയാർ ഡാം എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ടതാണ്. വലുതും ചെറുതുമായ രണ്ട് ഡാമിനും നൂറ് വർഷത്തെ പഴക്കമുണ്ട്. അന്ന് തുർക്കി പൗഡർ, ശർക്കരപശ, ഇഷ്ടികപ്പൊടി ഇവ ചേർത്ത് അന്യപാതത്തിൽ കുഴച്ച് കരിങ്കല്ലിൽ പററിച്ച് പണിത അണക്കെട്ടുകളാണ്. ഒഴുകി പോകുന്നത് കൂടാതെ 443·23 ദശലക്ഷം ഘനലീറർ വെള്ളം ഇത് തടഞ്ഞു നിർത്തുന്നു. 1979 അവസാനം മെയിൻ ഡാമിന് ബലക്ഷയവും ചോർച്ചയും ഉള്ളതായി ബോദ്ധ്യപ്പെട്ടു. ഡാമിന് എന്തെങ്കിലും അപകടമുണ്ടായാൽ എൻെറ നിയോജകമണ്ഡലമാണ് ആദ്യമായി വലിയ അപകടത്തിലേക്ക് പോകുക. അതിനാൽ എൻെറ നിയോജകമണ്ഡലത്തിലും പെരിയാർ നദിയുടെ തീരത്തും അധിവസിക്കുന്നവർ ഭയവിഹ്വലരായി പ്രക്ഷോഭണം ആരംഭിച്ചു. അന്നത്തെ പീരുമേട് എം. എൽ. എ. ശ്രീ. കുര്യൻ നിരാഹാര സത്യാഗ്രഹം നടത്തി പ്രക്ഷോഭണത്തിൽ പങ്ക് ചേർന്നു. 1980-ൽ ഇതു സംബന്ധിച്ച് സെൻട്രൽ വാട്ടർ കമ്മീഷൻ പരിശോധിച്ച് ഡാമിന് ബലക്ഷയമുണ്ടെന്ന് ബോദ്ധ്യപ്പെട്ടു. തുടർന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ തമിഴ്നാട്ടിലെയും കേരളത്തിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെയും, ഉയർന്ന എഞ്ചിനീയർമാരെയും സെൻട്രൽ ഡാം സേഫ്റ്റി കമ്മീഷണർ ഉൾപ്പെടെയുള്ളവരെയും വിളിച്ചു കോൺഫറൻസുകൂടി, ഡാം ബലപ്പെടുത്തുന്നതിനു തീരുമാനമെടുത്തു. മൂന്നു ഷട്ടറുകളും പണിയുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

136 അടിയിൽ ജലനിരപ്പ് നിർത്തണമെന്നും തീരുമാനിച്ചു. കേരളാ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി തമിഴ്നാട് ഗവൺമെന്റ് ബലപ്പെടുത്തൽ ജോലികൾ ആരംഭിച്ചു. ആവശ്യമായ മെറ്റീരിയൽസ്, പ്രധാനമായും പാറ, മണൽ എന്നിവ ഡാമിന്റെ ഒരു കിലോമീറ്റർ അകലത്തുനിന്ന് ശേഖരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു. 1982 മുതൽ 1994 വരെ ബലപ്പെടുത്തൽ ജോലികൾ തുടർന്നുവന്നു. ഇപ്പോൾ പ്രധാനപ്പെട്ട ബലപ്പെടുത്തൽ ജോലികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതു ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിനു കാരണമാകും. ഡാമിന് ചോർച്ച വന്നാൽ കുത്തൊഴുക്ക് ഉണ്ടാകും, ചോർച്ച വലുതാവുകയും അപകടത്തിന് വഴി തെളിക്കുകയും ചെയ്യും. സമുദ്ര നിരപ്പിൽ നിന്നും രണ്ടായിരത്തി എണ്ണൂറ്റി നാൽപത്തിയഞ്ച് അടി ഉയരത്തിലാണ് ഈ ഡാമിന്റെ അടിത്തറ. വണ്ടിപ്പെരിയാർ പട്ടണത്തിന്റെ സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരം രണ്ടായിരം അടിയാണ്. എണ്ണൂറ്റി നാൽപ്പത്തിയഞ്ച് അടി ഉയരത്തിൽ ഇളകി മറിഞ്ഞു കൂലംകുത്തി വെള്ളംവന്നാൽ ഒഴുക്കിൽ വരുന്ന പാറ മരങ്ങളെയെല്ലാം നശിപ്പിച്ച് പെരിയാർ നദിയും കവിഞ്ഞ് സുമാർ നൂറുകിലോമീറ്റർ ഇങ്ങനെ ഒഴുകിപ്പോകാൻ സാദ്ധ്യതയുണ്ട്. ആലുവായിൽ എത്തുന്നതിനും മുമ്പ് മുല്ലപ്പെരിയാർ ഡാമിന്റെ 20 കിലോമീറ്റർ താഴെയുള്ള ജനവാസകേന്ദ്രവും, വണ്ടിപ്പെരിയാർ, മ്ലാവല, കരുതിരുമ്മി, ഉപ്പുതറ തുടങ്ങിയ എന്റെ നിയോജകമണ്ഡലത്തിലെ ഭാഗങ്ങളും, അവിടെയുള്ള അനേകമായിരം ഏക്കർ തോട്ടങ്ങളും, കൃഷിയിടങ്ങളും തുടങ്ങി എല്ലാം നശിപ്പിക്കും. ഇടുക്കി ഡാം, പനംകുട്ടി, ലോവർപെരിയാർ, ഭൂതത്താൻകെട്ട് അണക്കെട്ടുകളും, വൈദ്യുതി ഉൽപാദന കേന്ദ്രങ്ങളും ഇവ എല്ലാം തകർന്നുപോകും. സർക്കാർ ശ്രദ്ധിച്ചില്ലെങ്കിൽ വലിയ നഷ്ടങ്ങൾക്ക് ഇത് വഴി തെളിക്കും. ഡാമിൽ ഇപ്പോഴുള്ളതുപോലെ പെരിയാറിലേക്ക് വെള്ളം തുറന്നുവിടാനുള്ള ചാല് ബലപ്പെടുത്തൽ ജോലിയാണ് ഇപ്പോൾ നടക്കേണ്ടത്. 1991-ൽ ഫോറസ്റ്റ് ആക്ടിൽ വന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ പാറപൊട്ടിക്കുന്നത് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ തടഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് ഇതിനു ശക്തമായ നടപടി സ്വീകരിച്ചില്ലെങ്കിൽ ഈ ബലപ്പെടുത്തൽ നടപടി തുടരാൻ പറ്റില്ല; ഇല്ലെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷത്തിന് ഇത് കാരണമാകും എന്ന് 'മനോരമ'യുടെ കട്ടപ്പന ലേഖകൻ എഴുതിയിരിക്കുന്നു. വിവാദങ്ങളിൽ കുരുങ്ങി മുല്ലപ്പെരിയാർ ഡാം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുമ്പോൾ നഷ്ടം കേരളത്തിനുതന്നെയാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. തമിഴ്നാട് സർക്കാരിനു കരാർ ജോലിയിൽനിന്നും പിൻമാറുന്നതിനുള്ള സാഹചര്യം ഒരുക്കുകയാണ്. ഡാമിലൂടെ പെരിയാറിലേക്ക് വെള്ളം തുറന്നു വിടാനുള്ള ചാല് ബലപ്പെടുത്തുന്ന ജോലിയാണ് കേരള വനം വകുപ്പ് തടഞ്ഞിട്ടുള്ളത്. വന്യജീവി സംരക്ഷണ കേന്ദ്രത്തിൽ പാറപൊട്ടിച്ചിരുന്ന തമിഴ്നാട് പൊതുമരാമത്ത് വകുപ്പിനെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം വനം വകുപ്പ് കേസെടുത്തു. 1980-ൽ ഡാം ബലപ്പെടുത്തൽ ജോലിയുടെ ഒരു കിലോമീറ്റർ ചുറ്റളവിൽനിന്നും പാറ പൊട്ടിക്കുന്നതിനും മണൽ വാരുന്നതിനും സർക്കാർ പ്രത്യേക അനുമതി നൽകിയിരുന്നു. ചാൽ ബലപ്പെടുത്തുന്ന ജോലി തടസ്സപ്പെട്ടിരിക്കുകയാണ്. ഇത് 'മനോരമ'യിൽ എടുത്തു പറഞ്ഞതാണ്. എനിക്ക് മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കാനുള്ളത് ഇത് ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്തില്ലെങ്കിൽ ഒരു ജനസഞ്ചയം, ഒരു സംസ്ക്കാരം, അന്തമില്ലാത്ത വിഭവശേഷി ഇവയെല്ലാം നശിപ്പിക്കപ്പെടും എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട കെ. കെ. തോമസ് ഉന്നയിച്ച പ്രശ്നം അർഹിക്കുന്ന ഗൗരവത്തോടെ തന്നെയാണ് ഗവൺമെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. നൂറ് വർഷത്തിലേറെ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനെ ചുറ്റിപ്പറ്റിയുള്ള ഗൗരവതരമായ ചർച്ചകൾ ഈ സഭയിൽ അടുത്ത ദിവസങ്ങളിൽ നടക്കുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളൊന്നും വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പഴയ തിരുവിതാംകൂർ ഗവൺമെന്റും, മദിരാശി ഗവൺമെന്റും തമ്മിൽ 1886-ൽ ഉണ്ടാക്കിയ കരാർ പ്രകാരമാണ് നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്ത് ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിന്റെ ചുറ്റുപാടുമുള്ള മുല്ലപ്പെരിയാർ ഡാം തമിഴ്നാട് ഗവൺമെന്റ് കെട്ടിപ്പൊക്കിയത്. അത് ആദ്യം തമിഴ്നാട്ടിലെ കൃഷിക്കാർക്ക് വെള്ളം കൊടുക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിച്ചിട്ടുള്ള ഒരു പദ്ധതി ആയിരുന്നു. പിന്നീട് 1970-ൽ കേരളത്തിലെ ഗവൺമെന്റും മദിരാശി ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് ഈ ഡാമിൽനിന്നും വൈദ്യുതികൂടി ഉൽപ്പാദിപ്പിക്കാൻ തമിഴ്നാടിനെ നാം അനുവദിച്ചു. 152 അടിവരെ ജലവിതാനം ഉയർത്തുവാൻ നേരത്തെയുള്ള കരാർ അനുസരിച്ച് അധികാരം നൽകിയിരുന്നു. എന്നാൽ 1964-ൽ മുല്ലപ്പെരിയാർ ഡാമിൽ ചോർച്ച കണ്ടതിനെത്തുടർന്ന് നമ്മുടെ നാട്ടിലെ ഇടുക്കി ജില്ലയിലേയും മറ്റ് പ്രദേശങ്ങളിലേയും ജനങ്ങളിൽ ഉണ്ടായ പരിഭ്രാന്തിയെ തുടർന്ന് കേരള ഗവൺമെന്റ് അടിയന്തിരമായി കേന്ദ്രവുമായി ബന്ധപ്പെട്ട് കേന്ദ്ര വാട്ടർ കമ്മീഷന്റെയും തഴിഴ്നാട്-കേരള ഗവൺമെന്റ് പ്രതിനിധികളുടേയും തുടർച്ചയായ പഠനത്തിനുശേഷം ഡാമിന്റെ ജലവിതാനം 136 അടിവരെയായി നിശ്ചയിച്ചു. അതോടൊപ്പംതന്നെ ഡാമിന്റെ സുരക്ഷിതത്വത്തിനുവേണ്ടി വ്യക്തമായ നിർദ്ദേശങ്ങളും അന്ന് സമർപ്പിച്ചു. ആ സുരക്ഷാസംവിധാനം ഓരോന്നോരോന്നായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാറിലെ ജലവിതാനം 136 അടിയായിതന്നെ നിർത്തണമെന്ന കാര്യത്തിൽ കേരള ഗവൺമെന്റിന് നിർബന്ധമുണ്ട്. തമിഴ്നാട് ആകട്ടെ വീണ്ടും പഴയപടി ഡാമിലെ ജലവിതാനം 152 അടിയായി ഉയർത്തണമെന്നും അങ്ങനെ ഉയർത്തിയാലും ഡാമിന്റെ സുരക്ഷിതത്വത്തിനു പ്രശ്നമില്ലെന്നുമാണ് പറയുന്നത്. ആ വാദഗതികളോട് നമുക്ക് യോജിപ്പില്ല. എന്തായാലും ഇതുസംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും പഠിക്കുന്നതിനുവേണ്ടി നമ്മൾ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് വളരെ വൈകാതെ കിട്ടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അതിനുശേഷം മാത്രമേ തുടർന്ന് അങ്ങോട്ട് മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് നാം കൈക്കൊളേളണ്ട നടപടികളെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുകയുള്ളൂ. എന്തായാലും ഈ പ്രശ്നം ഈ സഭയിലും, സംസ്ഥാനത്തെ ജനങ്ങൾക്കിടയിലും ഉളവാക്കിയിട്ടുള്ള ഉൽകണ്ഠ ഗവൺമെന്റ് മനസിലാക്കുന്നു. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിന് അവകാശപ്പെട്ട വെള്ളം പൂർണ്ണമായും ലഭിക്കുന്നതിനും, കേരളത്തിലെ ഒരുതുള്ളി വെള്ളംപോലും ചോർത്തിക്കൊണ്ടുപോകാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തിന് ആവശ്യമായിട്ടുള്ള നടപടികൾ മുടക്കം കൂടാതെ കൊണ്ടുപോകുന്നതിന് നിയമപരമായി നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. ഇതു മാത്രമാണ് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നത്. മറ്റു വിശദാംശങ്ങൾ എത്രയുംവേഗം വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഗവൺമെൻറ് തയ്യാറാക്കും. ആ ഘട്ടത്തിൽ ഞാൻ നേരത്തെ പറഞ്ഞ മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് തമിഴ്നാട് ഗവൺമെൻറുമായി ചർച്ച ചെയ്ത് അവസാനമായി നമ്മുടെ നിലപാട് സ്വീകരിക്കുന്നതിന് മുൻപ് തീർച്ചയായും കേരളത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികളുടെ നേതാക്കൻമാരെ വിളിച്ചുകൂട്ടും. അവരുടെകൂടി അഭിപ്രായസമന്വയം ഉണ്ടായതിനുശേഷം മാത്രമേ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ഗവൺമെൻറ് അവസാനമായി തീരുമാനമെടുക്കുകയുള്ളൂ എന്നു പറയാനും ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. കെ. തോമസ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷമേ ഈ ബലപ്പെടുത്തൽ നടപടി നടത്തുകയുള്ളൂ എന്നാണ്. അങ്ങനെയെങ്കിൽ അടുത്ത കാലവർഷത്തിൽ കഴിഞ്ഞ കാലവർഷത്തിൽ കിട്ടിയതിനേക്കാൾ മൂന്നിരട്ടി വെള്ളം സംഭരിക്കാൻ കഴിയുമെങ്കിൽ ഡാമിന് ബലക്ഷയമുണ്ടാകുന്ന കാര്യം കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): ഞാൻ പറഞ്ഞത് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളെയും കുറിച്ച് ഗവൺമെൻറ് അവസാന തീരുമാനമെടുക്കൂ എന്നുള്ളതാണ്. അതല്ലാതെ സുരക്ഷിത നടപടിയും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകളും തമ്മിൽ ബന്ധമില്ല. ഡാമിൻെറ സുരക്ഷിതത്വത്തിന് വേണ്ടി എന്തെല്ലാം വേണ്ടിവരുന്നോ, അതെല്ലാം ചെയ്യുന്ന കാര്യത്തിൽ ഗവൺമെൻറിന് വിരോധമില്ല. അതേ അവസരത്തിൽ അങ്ങനെ ചെയ്യുമ്പോൾ കേരളത്തിൻെറ താൽപ്പര്യത്തിന് കോട്ടം തട്ടാതിരിക്കാൻ നോക്കണം. അതുപോലെ തമിഴ്നാട് ആവശ്യപ്പെട്ടിരിക്കുന്നതുപോലെ 152 അടിയായി ഉയർത്താനുള്ള അഭ്യർത്ഥനയെക്കുറിച്ച് ഒറ്റനോട്ടത്തിൽ ഗവൺമെൻറിൻെറ പ്രാഥമികമായ നയം തമിഴ്നാടിൻെറ അഭിപ്രായത്തോട് നമുക്ക് യോജിപ്പില്ല എന്നാണ്. 136 അടിയായിത്തന്നെ ഡാമിൻെറ ജലവിതാനം നിറുത്തണമെന്നുതന്നെയാണ് നമ്മുടെ താൽപ്പര്യം. പക്ഷേ അവസാനമായി ഇതിനെ കുറിച്ചുള്ള തീരുമാനം എടുക്കുന്നത് വിദഗ്ദ്ധ കമ്മിറ്റി റിപ്പോർട്ടിനുശേഷം ആയിരിക്കും. അതിനുമുൻപായി കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടുമെന്നാണ് പറഞ്ഞത്. അതിന് സുരക്ഷിതത്വവുമായിട്ട് യാതൊരു ബന്ധവുമില്ല.

(2) സംസ്ഥാനത്തെ കർഷകതൊഴിലാളികൾ 1996 മാർച്ച് 13-ാം തീയതി നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുള്ള നിയമസഭാ മാർച്ച്

ശ്രീ. എ. കണാരൻ: സർ, കർഷകതൊഴിലാളി സംഘടനയുടെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്തിൻെറ പതിനാലു ജില്ലകളിൽനിന്നും ആയിരക്കണക്കിന് കർഷക തൊഴിലാളികളും, ദുർബല ജനവിഭാഗങ്ങളും, പട്ടികജാതി-പട്ടികവർഗ്ഗക്കാർ എന്നിവരെല്ലാംകൂടി നിയമസഭയുടെ മുൻപിൽ പ്രകടനം നടത്താൻ എത്തിച്ചേർന്ന വിവരം അങ്ങയേയും അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും തൊഴിൽവകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly